COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE LEGISLATIVE SESSION, 1122

Friday, *the* *22nd November 1946.*
7th Vrischigam 1122.

The Council met in the Council Hall, Ernakulam, at half-past Eleven of the Clock with the Hon'ble President (Sir George Boag, K. C. I. E., C. S. I.) in the Chair.

Rao Bahadur T. S. Narayana Ayyar, Mrs. Dakshayani Velayudhan and Messrs. T. V. Kochuvareed, K. Balakrishna Menon, Choudhury G. S. Dhara Singh, P. Achutha Menon, and V. R. Krishnan Ezthuthassan were absent.

1. QUESTIONS AND ANSWERS

SUPPLY OF WATER AND LIGHTS TO COASTAL AREAS

95. Mr. M. I. Paul *(Narakkal):* Will Government be pleased to state.—
whether the Government have any idea to supply water and lights in the coastal areas; if so, what is the scheme in view?

Rao Sahib K. Ayyappan *(Minister for Public Works):*

Regarding water supply see answer to Question No. 75. The supply of electricity for lighting purposes to the coastal areas will be considered in due course according to priority.

മിസ്റ്റർ എം. ഐ. പോൾ: ഒരാമത്തെ ചോദ്യത്തിന്റെ ഉത്തരത്തിൽ വൈപ്പു മുതൽ എളങ്കുന്നപ്പുഴവരെ എന്നു പറഞ്ഞിട്ടുണ്ടു്. അതിനു വടക്കോട്ടു് സ്ഥലം ഇല്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവു്?

റാവു സാഹിബു് കെ. അയ്യപ്പൻ: അല്ല. തല്ക്കാലം Landing crafts വഴി വെള്ളം കൊടുക്കുവാനാണു് ഉദ്ദേശിച്ചിരിക്കുന്നതു്. അതുകൂടാതെ വൈപ്പിൻകര മുഴുവനും വെള്ളം കൊടുക്കുവാനുള്ള മറ്റു പദ്ധതിയെക്കുറിച്ചുള്ള ആലോചന നടക്കുന്നുണ്ടു്.

Mr. Paramel Ipe Ipe *(Kunnamkulam):* It has been stated in the answer that "the supply of electricity for lighting purposes to the coastal areas will be considered in due course according to priority". May I know what is meant by priority?

Rao Sahib K. Ayyappan *(Minister for Public Works):* Priority is not the correct word. What I mean is according to importance.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഇപ്പോഴുള്ള Submerged pipe line കേടുവന്നു കിടക്കുന്നുണ്ടെന്നു് വസ്തുതാനം ഉണ്ടല്ലൊ?

റാവു സാഹിബു് കെ. അയ്യപ്പൻ: അറിഞ്ഞുകൂടാ.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: ചെല്ലാനംവരെ പൈപ്പു് ലൈൻ കണക്ഷൻ ചെയ്തിട്ടുള്ളതു് പഴയ ചരിത്രമാണല്ലൊ. അതു് മട്ടാഞ്ചേരി വഴി വൈപ്പിൻകരയിലേക്കു് പൈപ്പുവഴി വെള്ളം സപ്ലൈ ചെയ്യുവാനാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു്?

റാവു സാഹിബു് കെ. അയ്യപ്പൻ: അതു സാദ്ധ്യമല്ല. എറണാകുളത്തുനിന്നു് വടക്കെ വഴി പനമ്പുകാടു്, മുളവുകാടു്, ഓച്ചന്തുരുത്തുവഴി പൈപ്പിടാനാണു് തീർച്ചയാക്കിയിരിക്കുന്നതു്.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: ഇതു് ഏതുകാലത്തേക്കു് സാദ്ധ്യമാകുമെന്നു പറയാമോ?

റാവു സാഹിബു് കെ. അയ്യപ്പൻ: കഴിയുന്നതും വേഗത്തിൽ നടപ്പിലാക്കണമെന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

Mr. M. O. Thomakutty *(Industry and Commerce):* May I know whether there is not the possibility of experimenting the construction of wells in this area to get water?

Rao Sahib K. Ayyappan *(Minister for Public Works):* Some investigations were conducted and after these investigations it was finally decided that it is better to lay submerged pipe lines to give Alwaye water.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri):* Reference is made in this answer to Question No. 75. May I know whether the Government have already started the work.

Rao Sahib K. Ayyappan *(Minister for Public Works):* Last year Government used to give good drinking water conveyed in country boats. This year we are going to take water in Landing Crafts.

മിസ്റ്റർ ടി. ഫ്രാൻസിസ്സ്: സർ, ഈ ദിക്കുകളിൽ മുടക്കംകൂടാതെ വേണ്ടവിധത്തിൽ വെള്ളം സപ്ലൈ ചെയ്യുവാൻ ചങ്ങാടത്തിലോ, ലാൻറിങ്ങ് ക്രാഫ്ടു് വഴിക്കോ വേണ്ട ഏർപ്പാടു ചെയ്യുന്നുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അവിടേയ്ക്കു് മഴവന്നം സമൃദ്ധമായിട്ടു് കൊടുക്കുവാൻ സാധിക്കുമോയെന്നു് സംശയമാണു്.

മിസ്റ്റർ ടി. ഫ്രാൻസിസ്സ്: സമൃദ്ധമായിട്ടു് വെള്ളം കിട്ടുമോ എന്നുള്ളതല്ല ഞാൻ ചോദിച്ചതു്. അതിനു വേണ്ടതായ നടപടികൾ എടുക്കുന്നുണ്ടോ എന്നാണു്.

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: വേനൽക്കാണു് അവിടെ വെള്ളത്തിനു് ക്ഷാമം നേരിട്ടതു്. ഇപ്പോൾ അങ്ങിനെ നേരിടാതിരിക്കുവാൻവേണ്ടി വേണ്ട നടപടികൾ എടുക്കുന്നുണ്ടു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, with reference to a previous answer that this generous work of supplying good drinking water will be attended to as early as possible? May I know the approximate period, it is not necessary that I should have the exact date, within which the work will be completed?

Rao Sahib K. Ayyappan *(Minister for Public Works):* There is some difficulty in getting the particular type of pipes.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I want further.....

Mr. President: Order, order. I think the Hon'ble Member can very well gather from the answer that it is not possible to give an approximate date.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, I was on my legs to put another supplementary question. May I know, Sir, what is the difficulty in getting pipes, and what is the particular type of pipe and their dimensions, that you require? I have got certain pipes in some firms known to me and if the necessary information is supplied, I can secure the same.

Rao Sahib K. Ayyappan *(Minister for Public Works):* We require pipes which are used for putting submerged pipe lines.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether the Minister will be pleased to pass on to me the necessary information with regard to the particular type of pipe that is required with details, at his leisure, I will be in a position to supply? Of course, I am obliged to you for that, and you must be obliged to me.

മിസ്റ്റർ പി. നാരായണമേനോൻ: എറണാകുളത്തിനു കിഴക്കുവശമുള്ള എല്ലാം ദ്വീപുകളിൽ നല്ല വെള്ളം കിട്ടുന്നുണ്ടോ ഇല്ലയോ എന്നു് ഗവൺമെണ്ടു് മനസ്സിലാക്കീട്ടുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അവിടെയെല്ലാം വെള്ളത്തിന്റെ കാര്യത്തിൽ വൈപ്പിൻകരയോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ വളരെ സമാധാനമുണ്ടു്. അവിടെയെല്ലാം കഴിവുള്ള നടപടികൾ എടുക്കാവുന്നതാണു്.

മിസ്റ്റർ പി. നാരായണമേനോൻ: എല്ലാം ദ്വീപിൽ വെള്ളത്തിനു് ബുദ്ധിമുട്ടുള്ളതുകൊണ്ടു് അതിനടുത്തുള്ള പൈപ്പു് ലൈൻ ഒന്നു എക്സ്റ്റെൻറ് ചെയ്യുവാൻ ഗവൺമെണ്ടിനു വിഷമമുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അതിനെപ്പറ്റി ആലോചിച്ചിട്ടുമാത്രമേ മറുപടി പറയുവാൻ സാധ്യമാകയുള്ളു.

മിസ്റ്റർ പി. നാരായണമേനോൻ: ആ നാട്ടുകാരുടെ അപേക്ഷകം എത്രമാത്രം കിട്ടീട്ടുണ്ടെന്നു പറയാമോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല. ഈ പ്രദേശങ്ങളിൽ വെള്ളത്തിന്റെ ബുദ്ധിമുട്ടു് വൈപ്പിൻകരയിലുള്ളിടത്തോളമില്ലെന്നു് ബഹുമാനപ്പെട്ട മെമ്പർക്കു് നല്ലപോലെ അറിയാം. വൈപ്പിൻകര പ്രദേശങ്ങളിൽ ഉപ്പുവെള്ളമല്ലാതെ വേറെ യാതൊന്നുമില്ല. എന്നാൽ എല്ലാം പ്രദേശങ്ങളിൽ ആ വിഷമമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, whether the Government will please note that before answering supplementary questions, the questions on hand relates only to supply of water to the coastal areas?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതിനുമുമ്പുണ്ടായിരുന്ന മന്ത്രിയുടെ കാലത്തുണ്ടായിരുന്ന കോസ്റ്റൽ ഏരിയയെക്കാൾ കൂടുതലായി പുതിയ മന്ത്രിയുടെ കാലത്തു് എത്ര കൂടുതൽ സ്ഥലങ്ങളിൽ ശുദ്ധജലം കൊടുക്കുവാൻ സാധിച്ചിട്ടുണ്ടു്?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: കൊടുത്തു കഴിഞ്ഞിട്ടില്ല. കഴിഞ്ഞ കൊല്ലത്തിൽ വൈപ്പിനിൽ മാത്രമേ കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. എല്ലായിടത്തും കൊടുക്കുവാൻ സാധിക്കാതെ വന്നതു് മന്ത്രിയുടെ കുറവുകൊണ്ടൊന്നുമല്ല. അത്രയും സാധിച്ചുതന്നെ മന്ത്രിയുടെ മിടുക്കുകൊണ്ടാണു്. മന്ത്രി മാറിയെന്നുള്ളതുകൊണ്ടു് ഗവണ്മെണ്ടിനു കൂടുതലായിട്ടു ചെയ്യുവാൻ സാധിച്ചുവെന്നു പറയുന്നില്ല. പിന്നെ കൂടുതലായിട്ടു കൊടുക്കുവാൻ ഇപ്പോൾ സാധിക്കുന്നു എന്നേയുള്ളൂ.

മിസ്റ്റർ പി. നാരായണമേനോൻ: ഈ രണ്ടു പ്രദേശങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണു്?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: വൈപ്പിൻതുരുത്തു ഭാഗങ്ങളിൽ മുഴുവനും ഉപ്പുവെള്ളമാണു്. എന്നാൽ എറണാകുളത്തിനു കിഴക്കുഭാഗമുള്ള എളങ്കുളം വില്ലേജു് പ്രദേശങ്ങളിൽ അതുപോലെ ഉപ്പുവെള്ളമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. നാരായണമേനോൻ: എളങ്കുളംഭാഗങ്ങളിൽ മുഴുവനും ഉപ്പുവെള്ളംതന്നെയാണു്.

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: എന്നാൽ അതിനെപ്പറ്റി ആലോചിക്കുന്നതാണു്

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know, Sir, whether this question on which supplementary questions are put refers only to coastal area water supply? Have you noted that.....

Mr. President: Order, order. I call the next question.

EX-SERVICEMEN—NUMBER OF

96. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) യുദ്ധസേവനം കഴിഞ്ഞു കൊച്ചിയിലേക്കു മടങ്ങിയിട്ടുള്ള കൊച്ചിക്കാർ എത്രയുണ്ടെന്നു് വല്ല കണക്കും ഗവണ്മെണ്ടിന്റെ കൈവശമുണ്ടോ;

(ബി) അതിനു് തിട്ടമായ കണക്കില്ലെങ്കിൽ അവരുടെ കണക്കുകൾ രേഖപ്പെടുത്തുവാൻ ഗവണ്മെണ്ടു് വല്ല ശ്രമവും ചെയ്യുന്നുണ്ടോ;

(സി) തൃശ്ശിവപേരൂർ എംപ്ലോയിമെന്റു് എക്സ്ചേഞ്ചിൽ എത്രപേർ പേരു രജിസ്റ്റർ ചെയ്തിട്ടുണ്ടു്?

റാവുസാഹിബ്ബു് പി. വി. റാഫേൽ:

(എ) ഇപ്പോൾ ഗവണ്മെണ്ടിന്റെ കൈവശം ഒരു കണക്കും ഇല്ല.

(ബി) ഉണ്ടു്.

(സി) ൪,൦൫൦.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: യുദ്ധസേവനത്തിനു കൊച്ചിയിൽനിന്നും പോയിട്ടുള്ളവരുടെ കണക്കു് വല്ലതുമുണ്ടോ?

റാവു സാഹിബ്ബു് പി. വി. റാഫേൽ: യുദ്ധസേവനത്തിനു പോയിട്ടുള്ളവരുടെ കണക്കു് ഉണ്ടായിരിക്കുമെന്നാണു് തോന്നുന്നതു്. ഇപ്പോൾ അതിന്റെ കണക്കു എനിക്കു ഓർമ്മയില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: So are we to take it that the Government have not got any statistics?

Rao Sahib P. V. Raphael *(Chief Secretary to Government)*: Statistics about what?

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Statistics about our youngsters who have gone to the front and shed blood in the service of the Empire.

Rao Sahib P. V. Raphael *(Chief Secretary to Government)*: I say there will be accounts, but I am not in possession of these just now.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Are the Government sure that they have got statistics about the number of persons who have gone out of Cochin on War service.

Rao Sahb P. V. Raphael *(Chief Secretary to Government)*: That is what I said.

LIBRARY ARCHIVES Kerala Legislative Assembly